


# മാനസാന്തരപ്പെടുവിൻ

മത്തായി 4:12-17; നിയമാ. 8:11-20; ഫിലിപ്പി. 2:1-11

ബ്ര. മാത്യു കുരിശുമ്മൂട്ടിൽ MCBS

Vol. 12, Issue: 16

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവുമധികം സ്നേഹിക്കപ്പെടുന്ന വൈദികരേ, പ്രിയ സഹോദരങ്ങളേ,

ഏലിയാ ശ്ലീവാ മൂശാക്കാലം 4-ാം ഞായറാഴ്ചയിൽ തിരുസഭാമാതാവിന്റെ കരം പിടിച്ചുകൊണ്ട് സ്വർഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ മത്തായി ശ്ലീഹാ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: "മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു." ക്രിസ്തുവിന്റെ ദൗത്യം ആരംഭിക്കുന്നതിനു മുമ്പ് പ്രഘോഷിക്കുവാൻ തുടങ്ങിയ വചനമായിട്ട് സുവിശേഷകൻ ഈ വചനത്തെ എടുത്തുകാണിക്കുന്നു. ക്രിസ്തുവിന്റെ ജീവിതലക്ഷ്യവും പ്രവർത്തിയും പ്രഘോഷണവുമെല്ലാം മത്തായി ശ്ലീഹാ ഒറ്റവാക്യത്തിൽ കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കുന്നു.

സ്വർഗത്തിന്റെ ഔന്നത്യം വെടിഞ്ഞ് ക്രിസ്തു മനുഷ്യനായി അവതരിക്കാനുള്ള കാരണം വിശുദ്ധ ഗ്രന്ഥം വിശദീകരിക്കുക ഇപ്രകാരമാണ്: "മനുഷ്യനെ തന്റെ പിതാവായ ദൈവത്തിന്റെ സന്ദേശം അറിയിക്കുക." ഈ സന്ദേശം തന്നെയാണ് തന്റെ ദൗത്യം ആരംഭിക്കുന്നതിനു തൊട്ടുമുമ്പ് ഈശോ പ്രഘോഷിക്കുവാൻ തുടങ്ങിയത്.

പറുദീസയിൽ മനുഷ്യന്റെ കൂടെ ഉലാത്തുവാനും സഹവസിക്കാനും എപ്പോഴും അവന്റെ കൂടെ ആയിരിക്കുവാനും ആഗ്രഹിക്കുന്ന ദൈവത്തിന്റെ മനസിനോട് മനുഷ്യൻ കാണിക്കുന്ന പ്രത്യുത്തരമാണ് മാനസാന്തരം. മാനസാന്തരം എന്നതുകൊണ്ട് പിന്തിരിയൽ, തിരിഞ്ഞുനോക്കൽ എന്നൊക്കെ അർത്ഥമുണ്ട്. നമ്മുടെയൊക്കെ ജീവിതയാത്രയിലും ഒരു തിരിഞ്ഞുനോക്കൽ അല്ലെങ്കിൽ മാനസാന്തരം ആവശ്യമാണെന്ന് നമ്മെ പറഞ്ഞുപഠിപ്പിക്കുന്ന വിശുദ്ധ ഗ്രന്ഥമാണ് സുവിശേഷം. സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ മാനസാന്തരത്തിനുള്ള സ്നാപകന്റെ ആഹ്വാനവും നാം വായിക്കുന്നുണ്ട്. സുവിശേഷത്തിന്റെ അവസാനഭാഗത്ത് നല്ല കള്ളന്റെ മാനസാന്തരമുണ്ട്. അനേകം പാപങ്ങളിലൂടെ കടന്നുപോയ ആ നല്ല കള്ളൻ അവസാന നിമിഷം മാനസാന്തരപ്പെട്ട് അതിന്റെ ഫലവും സ്വീകരിച്ചാണ് കടന്നുപോയത്. തന്റെ പാപത്തിന്റെ താഴ്വരയി

ൽ നട്ടുവളർത്തിയ സിക്കമൂർ മരത്തിന്റെ മുകളിലിരുന്ന് ക്രിസ്തുവിനെ കണ്ട് മടങ്ങിപ്പോകുവാൻ കൊതിച്ച സക്കേവൂസിന്റെ മാനസാന്തരവും പാപത്തിന്റെ കുടം കിണറ്റിൻകരയിൽ വച്ച് മടങ്ങിപ്പോയ സമരിയാക്കാരി സ്ത്രീയും നിരവധിയായ പാപങ്ങൾക്ക് മോചനം കിട്ടി സന്തോഷത്തോടെ മടങ്ങിപ്പോയ പാപിനിയായ സ്ത്രീയും നമ്മെ പഠിപ്പിക്കുക മാനസാന്തരത്തിന്റെ സുവിശേഷമാണ്. തിരിച്ചുവരാൻ മനസു കാണിക്കുന്നെങ്കിൽ പാപം ക്ഷമിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു ദൈവം നിനക്കുണ്ട്. ധൂർത്തപുത്രന്റെ കഥയിലെ സ്നേഹനിധിയായ പിതാവിനെപ്പോലെ തന്നെ. സഭയുടെ മതബോധനഗ്രന്ഥം 1849-ാം ഖണ്ഡിക പാപത്തെക്കുറിച്ചു പറയുക ഇപ്രകാരമാണ്: ''ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിൽ ഉണ്ടാകുന്ന വീഴ്ചയാണ് പാപം. അതേ സമയം ആ സ്നേഹബന്ധം പുനഃസ്ഥാപിക്കലാണ് മാനസാന്തരം.'' ഇന്ന് വായിച്ചുകേട്ട വായനകളെല്ലാം തന്നെ നമ്മെ ക്ഷണിക്കുന്നത് മാനസാന്തരത്തിലേക്കാണ് - ദൈവത്തോടും സഹോദരനോടുമുള്ള മാനസാന്തരം.

ആദ്യമായി, ദൈവസ്നേഹത്തിലേക്ക് തിരികെ നടക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഒന്നാം വായനയായ നിയമാവർത്തന പുസ്തകം നമ്മോട് ആഹ്വാനം ചെയ്യുക. ജീവിതം സന്തോഷം കൊണ്ടും സമൃദ്ധി കൊണ്ടും ആറാടുമ്പോൾ ദൈവത്തെ വിസ്മരിച്ച് പാപത്തിന്റെ മാർഗ്ഗത്തിലൂടെ ചരിക്കാതെ ദൈവത്തോട് ചേർന്നിരിക്കണമെന്ന് ഇസ്രായേൽ ജനത്തെ ദൈവം പഠിപ്പിക്കുന്നു. ഏതവസ്ഥയിലും ദൈവത്തോട് ചേർന്നുനിൽക്കാൻ നാം കടപ്പെട്ടവരാണ് എന്ന വലിയ സത്യമാണ് ഈ വചനഭാഗത്തിലൂടെ പുതിയ ഇസ്രായേലായ നമ്മോടും ദൈവം പറഞ്ഞുതരിക. ജീവിതങ്ങളെ കാത്തുപരിപാലിക്കുന്ന സർവ്വശക്തനായ ദൈവത്തോടുള്ള സ്നേഹബന്ധത്തിലേക്ക് പിന്തിരിഞ്ഞു നടക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ നാം മാനസാന്തരത്തിന് യോജിച്ച ഫലങ്ങളല്ല പുറപ്പെടുവിക്കുന്നത്. ദൈവത്തോട് മാനസാന്തരപ്പെട്ട് സ്നേഹത്തിലായിരിക്കുമ്പോൾ അവിടുന്ന് നമ്മുടെ ജീവിതങ്ങളെ ശക്തിപ്പെടുത്തുമെന്നുള്ള ഒരു ഉറപ്പും ഈ വചനഭാഗം നമുക്ക് നൽകുന്നുണ്ട്. വി. അഗസ്റ്റിൻ പറയുന്നു: ''ദൈവമേ, അങ്ങിൽ നിന്ന് അകലുക എന്നത് എഴുന്നേൽക്കലാണ്; അങ്ങിൽ നിലകൊള്ളുക എന്നത് തീർച്ചയായും പിൻബലമാണ്.'' ഇതാണ് യഥാർത്ഥ മാനസാന്തരം.

രണ്ടാമതായി, മനുഷ്യനുമായുള്ള ബന്ധത്തിൽ എപ്രകാരം തിരിച്ചുവരണമെന്നാണ് പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ പഠിപ്പിക്കുക. നമ്മുടെ സ്വാർത്ഥതാൽപര്യങ്ങൾ മാറ്റിവച്ചുകൊണ്ട് സാഹോദര്യത്തിലേക്ക് വളരാൻ, കാണപ്പെട്ട സഹോദരന്റെ ജീവിതാവശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക എന്നതാണ്. അർത്ഥരഹിതമായിട്ടും ഉപയോഗശൂന്യമായിട്ടും ആരുമില്ലെന്നും ഒന്നുമില്ലെന്നുമുള്ള കാഴ്ചപ്പാടിൽ ജീവിച്ചുകൊണ്ട് എല്ലാവരെയും ഒരുപോലെ സ്നേഹിക്കുവാനും സ്വീകരിക്കുവാനും നമുക്ക് സാധിക്കണം. സഹോദരന്റെ ജീവിതലക്ഷ്യത്തിന് കാവലാളാകാനുള്ള കടമ ദൈവം നമുക്ക് നൽകുന്നുണ്ട്. അല്ലാതെ അവന്റെ ജീവിതലക്ഷ്യത്തിന് ആരാച്ചാരാകാനുള്ള അവകാശമല്ല. കഴിഞ്ഞകാല പരാജയങ്ങളെ ഓർത്ത് കരഞ്ഞുകലങ്ങിയ കണ്ണുമായി ജീവിക്കാനല്ല മറിച്ച്, ആ പരാജയങ്ങൾ വീണ്ടും നമ്മുടെ ജീവിതഭാഗമായിത്തീരില്ല എന്ന ഉറച്ച തീരുമാനമെടുക്കാൻ സാധിക്കണം.

ദൈവസ്നേഹത്തിലേക്കും സഹോദരസ്നേഹത്തിലേക്കും തിരിച്ചുവരാനുള്ള മാർഗ്ഗങ്ങളാണ് പരിശുദ്ധ കുർബാനയും കുമ്പസാരവും ആത്മശോധനയും പ്രത്യേക ആത്മശോധനയും. പരിശുദ്ധ കുർബാനയിലെ അനുതാപശുശ്രൂഷയിൽ പ്രാർത്ഥിക്കുന്നതുപോലെ ഭിന്നതയും കലഹവും ശത്രുതയും വിദ്വേഷവും വെടിഞ്ഞ് യോജിപ്പോടും ഐക്യത്തോടും കൂടി ജീവിക്കാൻ ഈ കുർബാന കാരണമാകട്ടെ. മാനസാന്തരത്തിലൂടെ ഒന്ന് പിന്തിരിയുവാനും തിരിഞ്ഞുനടക്കുവാനും നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. നമ്മുടെ ജീവിതമാനസാന്തരത്തിലേക്കുള്ള മാർഗ്ഗമായി ഓരോ വിശുദ്ധ കുർബാനയും മാറട്ടെ. സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.